LIBRARY ARCHIVES Kerala Legislative Assembly

കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട്

144 (5496) ശ്രീ. എം. എ. വാഹീദ് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് ഒന്നാം ഘട്ടം നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ലോകബാങ്ക് സഹായത്തോടെ 2011-ൽ ആരംഭിച്ചിട്ടുള്ളതും 2015 ഡിസംബറിൽ അവസാനിക്കുന്നതുമായ കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് സംസ്ഥാനത്തിലെ മുനിസിപ്പാലിറ്റി/പഞ്ചായത്തുകളുടെ ആസ്തി സൃഷ്ടിക്കൽ, കാര്യശേഷി വികസനം തുടങ്ങിയവയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) സർക്കാർ ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. 2011-12 മുതൽ 2014-15 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ഈ പ്രോജക്ട് മുഖേന 1012.36 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാന വികസന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നൽകിയിട്ടുണ്ട്. 2013-14, 2014-15 വർഷങ്ങളിൽ പെർഫോമൻസ് അസസ്സ്മെന്റ് നടത്തി അതിൽ യോഗ്യത നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് പെർഫോമൻസ് ഗ്രാന്റ് നൽകിയത്. 2014-15-ൽ പെർഫോമൻസ് അസസ്സ്മെന്റിൽ യോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിൽ 46 മുനിസിപ്പാലിറ്റികൾക്കും 848 ഗ്രാമപഞ്ചായത്തുകൾക്കും ഈ പ്രോജക്ട് മുഖേന 319.4 കോടി രൂപ പെർഫോമൻസ് ഗ്രാന്റായി നൽകിയിട്ടുണ്ട്.